ഒരു ക്ഷേമനിധി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതാണ്. അതിന്റെ സ്ഥിതി എന്തായി ? അതിന് കാലതാമസമുണ്ടെങ്കിൽ ഇപ്പോഴെ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമനിധിയിൽ ബീഡിത്തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് അവർക്കുകൂടി ഈ ആനുകൂല്യം കിട്ടാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, കേന്ദ്രഗവൺമെന്റിന്റെ നിയമം അനുസരിച്ച് മുതലാളിമാർ ഐഡന്റിറ്റി കാർഡ് കൊടുക്കുന്ന തൊഴിലാളികൾക്കേ ക്ഷേമനിധിക്ക് അവകാശമുള്ളൂ എന്നുള്ളതാണ് വ്യവസ്ഥ എന്നാൽ ഇങ്ങനെ ഐഡന്റിറ്റി കാർഡ് കൊടുക്കാത്ത മുതലാളിമാരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് വ്യവസ്ഥയില്ല. ഈ നിയമം അമെൻഡ് ചെയ്യണമെന്നും, പ്രോസിക്യൂഷനിൽ ഉൾപ്പെടുത്തണമെന്നും നിരവധി തവണ സംസ്ഥാന ഗവൺമെന്റ് റ്റ്രെസന്റേഷൻ കൊടുത്തിരുന്നു. ഇപ്പോഴും അതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് ബീഡിത്തൊഴിലാളികൾക്ക് വേണ്ടി ഒരു ബില്ല് കൊണ്ടുവരാമെന്ന് പറയുകയും അതിൽ എംപ്ലോയീസുമായി ഇതിനെ സംബന്ധിച്ച് ഒരു എഗ്രിമെന്റ് തന്നെ ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു നിയമനിർമ്മാണം ഉണ്ടാക്കുകയും, ക്യാബിനറ്റ് അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ നിയമവകുപ്പിന്റെ ഉപദേശമനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി മാത്രമേ ഈ ബിൽ അവതരിപ്പിക്കാൻ കഴിയൂ. 1986 മേയ് മാസത്തിൽ തന്നെ അംഗീകാരത്തിനുവേണ്ടി എഴുതുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ആർട്ടിസാൻസിന്റേയും സ്കിൽഡ് വർക്കേഴ്സിന്റേയും ക്ഷേമനിധിയിൽ മറ്റൊരു ക്ഷേമനിധിയിലും ആനുകൂല്യം കിട്ടാത്ത ബീഡിത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി അവർക്കുകൂടി കൊടുക്കാമോ എന്നുള്ള കാര്യം പരിഗണിക്കുന്നതാണ്.

## (7) കല്ലൂർ കോ-ഓപ്പറേറ്റീവ് ടൈൽസിന് അനുവദിച്ച സംഖ്യ കൊടുക്കാത്തതിനെത്തുടർന്നുള്ള ബുദ്ധിമുട്ട്

ശ്രീ. വി. കെ. രാജൻ : തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ കല്ലൂർ വില്ലേജിലെ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ സാമ്പത്തിക സഹായത്താൽ കല്ലൂർ കളിമൺ വ്യവസായ സഹകരണസംഘം പണിയുന്ന കോ-ഓപ്പറേറ്റീവ് ടൈൽസ് എന്ന സ്ഥാപനത്തിന് ബോർഡിൽനിന്നും അഞ്ചുലക്ഷത്തി എഴുപതിനായിരം രൂപ അനുവദിച്ചിരുന്നു. ഈ സംഖ്യ കൊണ്ട് പ്രസ്തുത സംഘം ഓട്ടുകമ്പനിക്കുവേണ്ടി അഞ്ച് ഷെഡ്ഡും ചൂളയും പണികഴിപ്പിച്ച് മെഷിനറികളും വാങ്ങി. 58,000 രൂപ കോൺട്രിബ്യൂഷൻ ഇനത്തിൽ അടച്ചാണ് ഇലക്ട്രിസിറ്റി സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. ഇനി ചിമ്മിനി, അച്ച്, സ്റ്റാൻഡ്, കളിമണ്ണ് ഇവയുണ്ടാകണം. ആയതിലേക്ക് 30-3-1986-ൽ സംഘത്തിന് അഡീഷണലായി മൂന്നു ലക്ഷം രൂപകൂടി അനുവദിച്ചു. ഈ സംഖ്യ തൃശൂർ ജില്ലാ ട്രഷറിയിൽനിന്നും പിൻവലിക്കാൻ ഏഴുമാസം കഴിഞ്ഞിട്ടും ജില്ലാ പ്രോജക്ട് ആഫീസർ അനുവാദം നൽകുന്നില്ല. പ്രവർത്തനം തുടങ്ങാത്ത ഈ സംഘത്തോട് രണ്ടു ലക്ഷം രൂപ തിരിച്ചടച്ചാൽമാത്രമേ അനുവാദം തരുകയുള്ളൂ എന്നാണ് ആഫീസർ പറയുന്നത്. പ്രവർത്തനം ആരംഭിക്കാൻ പ്രത്യേകമായി അനുവദിച്ച സംഖ്യ നൽകാതിരിക്കുന്നത് രാഷ്ട്രീയ വിരോധംമൂലമാണ്. ഈ ജില്ലയിൽ തന്നെ നാല് സഹകരണസംഘങ്ങൾക്ക് ഡ്യൂസ് ഉണ്ടായിട്ടും പ്രോജക്ട്

LIBRARY ARCHIVES Kerala Legislative Assembly

ആഫീസർ തുക പിൻവലിക്കാൻ അംഗീകാരം നൽകി. ഈ സംഘത്തോടു മാത്രം പക്ഷപാതപരമായ ഒരു സമീപനം സ്വീകരിക്കുന്നു. അതിനാൽ അടിയന്തിരമായി ഈ മൂന്നുലക്ഷം രൂപ പിൻവലിക്കാൻ അനുവാദം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച സഹകരണസംഘത്തിന് ഖാദി ബോർഡ് പണം കൊടുക്കാൻ തീരുമാനിച്ചത് ശരിയാണ്. പക്ഷെ ആ സ്ഥാപനത്തിലെ ഭരണസമിതിയിലെ ഒൻപത് അംഗങ്ങളിൽ നാലുപേരും മറ്റ് 36 അംഗങ്ങളും കൂടി സമർപ്പിച്ച ഒരു ഹർജിയെ സംബന്ധിച്ച് തൃശൂർ ജില്ലാ ആഫീസറും പോട്ടറി എക്സ്പർട്ട്സും അന്വേഷണം നടത്തി. അതിൽ ഈ ഭരണസമിതിയുടെ അഭിപ്രായവ്യത്യാസംകൊണ്ട് പ്രവർത്തനം മുടങ്ങിക്കിടക്കുന്നതിന്റെ തുടർന്നാണ് ഇത്രയും കാലതാമസമുണ്ടായത്. അത് സംബന്ധിച്ചുള്ള പ്രശ്നങ്ങളെല്ലാം ആഫീസർ പരിഹരിച്ചിട്ടുണ്ട്. അപ്രകാരമുള്ള പ്രവർത്തനങ്ങളെല്ലാം നടന്നുവരികയാണ്. അതോടൊപ്പംതന്നെ മറ്റ് ചില സൊസൈറ്റികളോടും ആവശ്യപ്പെട്ടതുപോലെയുള്ള കുടിശ്ശിക ആവശ്യപ്പെട്ടു എന്നു മാത്രമേയുള്ളു. ഈ സഹകരണസംഘത്തിന്റെ പ്രവർത്തനം നടത്തുന്നതിനിടക്ക് കുടിശ്ശിക അടയ്ക്കാൻ പ്രയാസമുണ്ടെങ്കിൽ ബോർഡ് അത് പരിഗണിക്കുന്നതാണ്. ഏതായാലും ഇപ്പോൾ ഇതിന്റെ പ്രവർത്തനം ധൃതഗതിയിൽ നടത്താനുള്ള നടപടികളും എടുത്തിട്ടുണ്ട്. അതിനാവശ്യമായ സഹായസഹകരണങ്ങളും ചെയ്യുന്നുണ്ട്. ഭരണസമിതിയിലും ഈ സഹകരണസംഘത്തിലും ഉള്ള ഗ്രൂപ്പ് തിരിഞ്ഞുള്ള പ്രവർത്തനം അവസാനിപ്പിച്ച് ഒന്നിച്ച് കൊണ്ടുപോകാനുള്ള നടപടികളെടുത്തിട്ടുമുണ്ട്.

## (8) ആര്യനാട് നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

ശ്രീ. കെ. പങ്കജാക്ഷൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പല സ്കൂളുകൾക്കും കെട്ടിടനിർമ്മാണത്തിന് നിർദ്ദേശം നൽകിയിട്ട് അത് നടപ്പിലാക്കാത്ത കാര്യവും, തുടങ്ങിയ പണികൾതന്നെ നിലച്ചുപോയിരിക്കുന്ന സ്ഥാഹചര്യവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തുകയാണ്.

ആര്യനാട് നിയോജകമണ്ഡലത്തിലെ വിതുര പഞ്ചായത്തിൽ ഉള്ള ആനപ്പാറ ഗവൺമെന്റ് ഹൈസ്കൂൾ, കാട്ടാക്കട പഞ്ചായത്തിലെ പ്ലാവൂർ, കുളത്തുമ്മൽ ഹൈസ്കൂളുകൾ, പൂവച്ചൽ പഞ്ചായത്തിലെ പൂവച്ചൽ ഹൈസ്കൂൾ, കുറ്റിച്ചൽ പഞ്ചായത്തിലെ പരുത്തിപ്പള്ളി ഗവൺമെന്റ് ഹൈസ്കൂൾ ഇവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടായിരുന്നതാണ്. മുൻഗണനയും നൽകിയിരുന്നു. ഇതിൽ പല സ്കൂളുകളും അപ്ഗ്രേഡ് ചെയ്ത് സ്പോൺസറിംഗ് കമ്മിറ്റികൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള തുക ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളതുമാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇതുവരേയും നടപടികൾ ഉണ്ടായിട്ടില്ല. ആനപ്പാറയിൽ ഒരു ട്രൈബൽ വെൽഫയർ സ്കൂളുണ്ട്, ആ സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ട്രൈബൽ ഡിപ്പാർട്ടുമെന്റിൽനിന്നുതന്നെ പൈസ വിദ്യാഭ്യാസ വകുപ്പിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നതുമാണ്. എന്നിട്ടും ഒരു നടപടിയുമുണ്ടായില്ല. പൂവച്ചൽ പഞ്ചായത്തിലെ പെരുങ്കുളം സ്കൂളിന് ഒരു കെട്ടിടത്തിന്റെ പണി നാല് വർഷംമുമ്പ് തുടങ്ങിയതാണ്. പല തവണകളായി തുടങ്ങി മുടങ്ങിപ്പോയി, ഇപ്പോഴത്തെ അവസ്ഥ പൂർണ്ണമായി അത് നിലച്ചിരിക്കുന്നു, എന്നുള്ളതാണ്. കഴിഞ്ഞ മാസം അവസാനം കരാറുകാരൻ ഈ പണി പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly